നീഡ് അസസ്മെന്റിലൂടെ കണ്ടെത്തുകയും, അവ വിശകലനം ചെയ്യുകയും, ആവശ്യമുള്ള മേഖലകൾ കണ്ടെത്തി മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുകയുമാണ് ചെയ്യാറുള്ളത്. പരിശീലനശേഷം, അവ വിലയിരുത്തുകയും, ഫല പ്രാപ്തി പഠനം നടത്തുകയും ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു.

2009-10 അദ്ധ്യയന വർഷം സീമാറ്റ് തയ്യാറാക്കിയ പരിശീലന പദ്ധതി പ്രകാരം ഹയർ സെക്കണ്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും 3 ദിവസം ദൈർഘ്യമുള്ള റസിഡൻഷ്യൽ രീതിയിലുള്ള പരിശീലനം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, എറണാകുളം മേഖലകളിൽപ്പെട്ട തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി ജില്ലകളിൽ 2009 ഫെബ്രുവരി മാസത്തിലും കോഴിക്കോട് മേഖലയിൽപ്പെട്ട മലപ്പുറം കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 2009 ഫെബ്രുവരി-മാർച്ച് മാസങ്ങളിലുമായിട്ടാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

2008-09 അദ്ധ്യയന വർഷം സംസ്ഥാനത്തെ 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും പ്രിൻസിപ്പൽമാർക്ക് മാനേജുമെന്റ് പരിശീലനം നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

(ബി) ഓഫീസ് മാനേജുമെന്റ്, മൈക്രോലെവൽ പ്ലാനിംഗ്, വ്യക്തിത്വ വികസനം, ടൈം മാനേജുമെന്റ്, ലോജിസ്റ്റിക് മാനേജുമെന്റ്, ഫിനാൻസ് മാനേജുമെന്റ്, കോടതി കേസ്സുകളുടെ നടത്തിപ്പ്, ആഡിറ്റ് എന്നിവയിലും കെ. എസ്.ആർ., കെ.ഇ.ആർ., എം.ഒ.പി. തുടങ്ങിയവയിലുമാണ് പ്രധാനമായും പരിശീലനം നൽകുന്നത്.

(സി) പരിശീലനങ്ങളിൽ ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നടപടി

14 (*554) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ.. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഐക്യരാഷ്ട്ര സഭ അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടിയിൽ കുട്ടികളുടെ ഏതെല്ലാം അവകാശങ്ങൾ സംരക്ഷിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംഘടിക്കുന്നതിനും സമാധാനപരമായി കൂട്ടം കൂടുന്നതിനുമുള്ള കുട്ടികളുടെ അവകാശം വിദ്യാഭ്യാസ മേഖലയിൽ ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) കുട്ടികളുടെ അവകാശം സംബന്ധിച്ച നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പൊതുവിൽ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.

- 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം നൽകിവരുന്നു. ഇതിന്റെ ഫലമായി കേരളം സാർവ്വത്രിക സ്കൂൾ പ്രവേശനം (യൂണിവേഴ്സൽ എൻറോൾമെന്റ്) നേടിക്കഴിഞ്ഞു ;
- ഒന്നര കിലോമീറ്ററിനുള്ളിൽ പ്രൈമറി സ്കൂളുകളും മൂന്ന് കിലോമീറ്ററിനുള്ളിൽ യു.പി. സ്കൂളുകളും, എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹൈസ്ക്കൂളുകളും സംസ്ഥാനത്തുണ്ട് ;
- വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും അധ്യാപകരുടെ യോഗ്യത, സ്കൂൾ ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു ;
- പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾ, സ്കൂളിൽ ചേരാത്ത കുട്ടികൾ, സ്കൂളിൽനിന്നും കൊഴിഞ്ഞുപോയ കുട്ടികൾ, സ്കൂൾ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലെ കുട്ടികൾ എന്നിവർക്ക് ബദൽ വിദ്യാലയങ്ങൾ ആരംഭിച്ചു. കുട്ടികൾക്ക് സ്വയം പഠനകാർഡുകൾ നൽകിവരുന്നു. ക്ളാസ്സുകൾ കൈകാര്യം ചെയ്യാൻ എഡ്യൂക്കേഷണൽ വോളണ്ടിയർമാരെ (ഇ.വി) നിയമിച്ചു ;
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് രക്ഷാകർതൃ ബോധവൽക്കരണം, അനുബന്ധ സാമഗ്രികളുടെ വിതരണം (വീൽചെയർ, കണ്ണട, ശ്രവണസഹായി) ചലനശേഷിയില്ലാത്ത കുട്ടികൾക്ക് വീടുകളിൽ വച്ചുള്ള വിദ്യാഭ്യാസം എന്നിവ നൽകുന്നു ;
- മാനസിക വളർച്ചയില്ലാത്ത കുട്ടികൾക്ക് പരിഹാരബോധനം നൽകുന്നു ;
- ഒന്നുമുതൽ എട്ടുവരെ ക്ളാസ്സുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യപാഠ പുസ്തകം നൽകിവരുന്നു ;
- ഒന്നുമുതൽ എട്ടുവരെ ക്ളാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- പാഠ്യപദ്ധതി ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമാക്കി മാറ്റി ;
- പാഠപുസ്തകങ്ങൾ നവീകരിച്ച് ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമാക്കി ;
- സ്കൂളുകളിൽ വായനാമൂലകൾ സജ്ജീകരിച്ച് സ്കൂൾ ലൈബ്രറി ശാക്തീകരിക്കുവാൻ നടപടി സ്വീകരിച്ചു ;
- സ്കൂൾ ലാബുകൾ നവീകരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു ;
- സ്കൂൾ സാധ്യായ ദിവസങ്ങൾ 200 ആക്കുന്നതിനുള്ള ശ്രമം നടത്തി ;
- കുട്ടികൾക്ക് സ്കൂൾ പഠനസമയം 5 മണിക്കൂർ ലഭിക്കുന്നു ;
- പി.ടി.എ.-കളും എം.പി.ടി.എ.-കളും സ്കൂൾ വികസനകാര്യത്തിൽ പങ്കെടുത്തുവരുന്നു ;
- കുട്ടികളുടെ അവകാശ സംരക്ഷണത്തിന് രക്ഷിതാക്കൾക്ക് പരിശീലനം നൽകിവരുന്നു ;
- പെൺകുട്ടികൾ, എസ്.സി./എസ്.ടി ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികൾ ഇവരുടെ അക്കാദമികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ലിംഗവിവേചനം ഒഴിവാക്കുന്നതിനും ക്ളാസ്മുറികളിൽ ചോദ്യങ്ങൾ ചോദിക്കുന്നതിനും ഉത്തരങ്ങൾ തേടുന്നതിനും ക്ളാസ്സിൽ എല്ലാ കുട്ടികൾക്കും തുല്യ അവസരം നൽകുന്നതിനും അധ്യാപകർക്ക് പരിശീലനം നൽകിവരുന്നു ;
- 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമവും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) താമസം, ഭക്ഷണം, ആരോഗ്യം എന്നിവ ഉറപ്പുവരുത്തുന്നതിനും വിദ്യാഭ്യാസത്തിനും കളികളിൽ ഏർപ്പെടാനും കഴിവുകൾ പരിപോഷിപ്പിക്കാനുമുള്ള അവസരങ്ങൾ, പ്രത്യേക കഴിവുകളും നൈപുണികളും വികസിപ്പിക്കാനുള്ള സാഹചര്യങ്ങളും പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്താനും അഭിപ്രായം പ്രകടിപ്പിക്കാനും അവ പരിഗണിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും ഐക്യരാഷ്ട്രസഭ കുട്ടികളുടെ അവകാശ പ്രഖ്യാപനത്തിൽ പരാമർശിക്കുന്നു.

(സി & ഡി) സംഘടിക്കുന്നതിനും സമാധാനപരമായി കൂട്ടംകൂടുന്നതിനും നിലവിൽ കുട്ടികൾക്ക് അവകാശമുണ്ട്.

522/13

LIBRARY ARCHIVES Kerala Legislative Assembly